# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 16.03.2025**

### പ്രധാനവാർത്തകൾ

1. **പത്താമത് റൈസീന സംഭാഷണം നാളെ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും. ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ മുഖ്യാതിഥിയാകും.**

2. **വർധിച്ചു വരുന്ന ലഹരിവ്യാപനത്തിനെതിരെ ഉന്നതതല യോഗം വിളിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ.**

3. **സംസ്ഥാനത്തിൻറെ പരമോന്നത പുരസ്കാരങ്ങളായ കേരള പുരസ്കാരങ്ങൾ നാളെ ഗവർണർ രാജേന്ദ്ര അർലേക്കർ വിതരണം ചെയ്യും.**

4. **ഇടുക്കി വണ്ടിപ്പെരിയാർ ഗ്രാമ്പിയിലെ കടുവയെ കണ്ടെത്താനായില്ല, ദൗത്യം നാളെയും തുടരും.**

5. **സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവം 'വർണ്ണപ്പകിട്ടിന്' തിരുവനന്തപുരത്ത് തുടക്കം.**

6. **അന്താരാഷ്ട്ര മാസ്റ്റേഴ്സ് ലീഗ് T-20 പരമ്പരയിലെ കലാശപ്പോരാട്ടം ഇന്ന്. ഫൈനലിൽ ഇന്ത്യ മാസ്റ്റേഴ്സ് - വെസ്റ്റ് ഇൻഡീസ് മാസ്റ്റേഴ്സുമായി ഏറ്റുമുട്ടും.**

**************************************

## പ്രധാനമന്ത്രി - പോഡ്കാസ്റ്റ്

ഗൗതമ ബുദ്ധന്റെയും മഹാത്മാഗാന്ധിയുടെയും നാടായതിനാൽ, ഇന്ത്യ സമാധാനത്തെക്കുറിച്ച് സംസാരിക്കുമ്പോഴെല്ലാം ലോകം അത് ശ്രദ്ധിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. എ ഐ ഗവേഷകനും പോഡ്കാസ്റ്ററുമായ ലെക്സ് ഫ്രിഡ്മാനുമായുള്ള പോഡ്കാസ്റ്റിൽ, ഇന്ത്യക്കാർ ഐക്യത്തെ പിന്തുണയ്ക്കുകയും സമാധാനത്തിനായി നിലകൊള്ളുകയും ചെയ്യുന്നുവെന്ന് ശ്രീ മോദി പറഞ്ഞു. റഷ്യയും യുക്രെയ്നും തമ്മിൽ അർത്ഥവത്തായതും ഫലപ്രദവുമായ ചർച്ചകൾക്ക് നിലവിലെ സാഹചര്യം അവസരം നൽകുന്നുവെന്ന് റഷ്യ-യുക്രൈയ്ൻ സംഘർഷത്തെക്കുറിച്ചുള്ള ചോദ്യത്തിന് മറുപടിയായി അദ്ദേഹം വ്യക്തമാക്കി.

**********************************

## റെയ്സീന സംഭാഷണം

ഈ വർഷത്തെ റൈസീന സംഭാഷണത്തിന് നാളെ തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും. ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ ഉദ്ഘാടന സെഷനിൽ മുഖ്യാതിഥിയായി പങ്കെടുക്കും. നാളെ മുതൽ ബുധനാഴ്ച്ച വരെയാണ് റൈസീന സംഭാഷണത്തിന്റെ പത്താം പതിപ്പ് നടക്കുക. ഭൗമരാഷ്ട്രീയം, ആഗോള സാമ്പത്തികരംഗം എന്നീ മേഖലകളിലെ നിരവധി സുപ്രധാന വിഷയങ്ങൾ ചർച്ചയാകും. 125 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

**********************************

BIJU TVPM

## പോലീസ് പാസിംഗ് ഔട്ട് - ഇൻട്രോ

തൃശൂർ കേരള പോലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 31 ബി ബാച്ചിലെ 118 സബ് ഇൻസ്പെക്ടർ പരിശീലനാർത്ഥികളുടെ പാസിംഗ്ഔട്ട് പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിച്ചു. ലഹരി മാഫിയയുടെ പിടിയിൽ നിന്ന് നാടിനെ മോചിപ്പിക്കാനുള്ള പരിശ്രമത്തിന് ശക്തി പകരാൻ പുതിയ സേനാംഗങ്ങൾക്കാകണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ് - മുഖ്യമന്ത്രി)

***********************************

## ലഹരി വ്യാപനം : മുഖ്യമന്ത്രി യോഗം വിളിച്ചു

സംസ്ഥാനത്ത് വർധിച്ചു വരുന്ന ലഹരിവ്യാപനത്തിനെതിരെ മുഖ്യമന്ത്രി പിണറായി വിജയൻ ഉന്നത തല യോഗം വിളിച്ചു. ഈ മാസം 24 ന് തിരുവനന്തപുരത്താണ് യോഗം. പൊലീസ്, എക്സൈസ് വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥൻ ഉൾപ്പെടെയുള്ളവർ യോഗത്തിൽ പങ്കെടുക്കും. സർക്കാരിൻറെ ലഹരി വിരുദ്ധ ക്യാമ്പയിനും തുടർ നടപടികളും യോഗത്തിൽ ചർച്ച ചെയ്യും.

RNU TVPM

***********************************

## കേരള പുരസ്കാരങ്ങൾ

സംസ്ഥാനത്തിന്റെ പരമോന്നത പുരസ്കാരങ്ങളായ കേരള പുരസ്കാരങ്ങൾ നാളെ ഗവർണർ രാജേന്ദ്ര അർലേക്കർ വിതരണം ചെയ്യും. വൈകിട്ട് രാജ്ഭവനിൽ നടക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷനാകും. കേരള ജ്യോതി, കേരള പ്രഭ, കേരള ശ്രീ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് 2024 ലെ കേരള പുരസ്കാരങ്ങൾ നൽകുക. കേരള ജ്യോതി

പുരസ്കാരത്തിന് എം കെ സാനുവാണ് അർഹനായിരിക്കുന്നത്.

***********************************

## എ കെ ശശീന്ദ്രൻ

ഇടുക്കി വണ്ടിപ്പെരിയാർ ഗ്രാമ്പിയിലെ കടുവയെ മയക്കുവെടി വെച്ച് പിടികൂടാനുള്ള ദൗത്യവുമായി മുൻപോട്ട് പോകുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന്റെ ഭാഗമായാണ് വനം വകുപ്പ് ഈ തീരുമാനത്തിലെത്തിയതെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. വനം വകുപ്പിന്റെ പ്രവർത്തങ്ങളിൽ പ്രദേശവാസികൾ സഹകരിക്കണമെന്നും ജാഗ്രത പാലിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

RNU TVPM

***********************************

## കടുവ - വണ്ടിപ്പെരിയാർ - ഇൻട്രോ

വണ്ടിപ്പെരിയാർ ഗ്രാമ്പിയിലെ കടുവയെ കണ്ടെത്താനായില്ല. മയക്കുവെടി വയ്ക്കുവാൻ ഉള്ള ദൗത്യം ഇന്നത്തേക്ക് അവസാനിപ്പിച്ചു. ദൗത്യം നാളെയും തുടരും. കടുവയുടെ സാന്നിദ്ധ്യമുണ്ടാകാൻ സാധ്യതയുള്ള മേഖലകളിൽ കൂട് സ്ഥാപിക്കുമെന്ന് വനം വകുപ്പ് അറിയിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയ്സ്)

***********************************

## പി എ മുഹമ്മദ് റിയാസ്

സമൂഹ്യനീതിയിലും തുല്യതയിലും അധിഷ്ഠിതമായ വിദ്യാഭ്യാസമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. പൊതുവിദ്യാഭ്യാസ വകുപ്പ് കോഴിക്കോട് സംഘടിപ്പിച്ച സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ജില്ലാതല പ്രഖ്യാപനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാമൂഹ്യമോ പ്രാദേശികമോ സാമ്പത്തികമോ ആയ പിന്നാക്കാവസ്ഥ നേരിടുന്നവരെ കൂടി ഉൾച്ചേർത്ത് മുന്നോട്ട് പോകുന്ന നയമാണ് സർക്കാറിൻറേതെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

***********************************

## പി എസ് സി- വിവരാവകാശം

പബ്ലിക് സർവ്വീസ് കമ്മിഷൻറെ ഓഫീസ് മാനുവലും റിക്രൂട്ട്മെൻറ് മാനുവലും രഹസ്യ രേഖയല്ലെന്ന് വിവരാവകാശ കമ്മിഷൻ. ആവശ്യപ്പെടുന്നവർക്ക് അവ വായനയ്ക്കും, സാക്ഷ്യപ്പെടുത്തിയ പകർപ്പും നല്കണമെന്നും കമ്മീഷൻ പറഞ്ഞു. ചോദ്യപേപ്പർ സൂക്ഷിക്കുന്ന വിധം, ഉത്തരക്കടലാസുകൾ കൈകാര്യം ചെയ്യുന്ന രൂപം തുടങ്ങി സ്വാഭാവികമായി സംരക്ഷിക്കേണ്ട രഹസ്യ വിവരങ്ങൾ ഒഴികെയുള്ളവയെല്ലാം പൗരന്മാർക്ക് അറിയാൻ അവകാശമുണ്ടെന്നും, അത് നിഷേധിക്കരുതെന്നും കമ്മിഷണർ നിർദ്ദേശിച്ചു.

RIJUTVPM

***********************************

## സെക്രട്ടറിയേറ്റ് ഉപരോധം- ആശാപ്രവർത്തകർ

സെക്രട്ടറിയേറ്റിന് മുന്നിൽ ആശാ പ്രവർത്തകർ നടത്തുന്ന രാപകൽ സമരത്തിന്റെ തുടർച്ചയായി, നാളെ സെക്രട്ടറിയേറ്റ് ഉപരോധിക്കുമെന്ന് സമരക്കാർ അറിയിച്ചു.

അതേസമയം, നാളെ ആശ പ്രവർത്തകർക്ക് പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ, പാലിയേറ്റീവ് കെയർ ഗ്രിഡ് എന്നിവയെ സംബന്ധിച്ച പരിശീലനം നല്കാൻ ആരോഗ്യവകുപ്പ് ജില്ലാ പ്രോഗ്രാം മാനേജർ മുഖേന നോട്ടീസ് നൽകി.

***********************************

## വർണ്ണപ്പകിട്ട്

സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവമായ വർണ്ണപ്പകിട്ടിന് തിരുവനന്തപുരത്ത് തുടക്കമായി. നിശാഗന്ധി ഓഡിറ്റോറിയത്തിൽ ട്രാൻസ്ജൻഡർ വ്യക്തികളുടെ വിവിധ കലാപരിപാടികൾ പുരോഗമിക്കുന്നു. ഉദ്ഘാടനത്തിന് മുന്നോടിയായി നടന്ന ഘോഷയാത്ര മന്ത്രി ആർ ബിന്ദു ഫ്ലാഗ് ഓഫ് ചെയ്തു. നാളെ നടക്കുന്ന സമാപന ചടങ്ങ് മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

RNU TVPM

***********************************

## കണ്ണൂർ മുല്ലക്കൊടി സ്കൂൾ വോയിസ്- ഇൻട്രോ

പാഴാക്കി കളയുന്നതും കത്തിച്ചുകളയുന്നതുമായി ബസ് ടിക്കറ്റുകൾ ശേഖരിച്ച് വീണ്ടും ഉപയോഗ യോഗ്യമാക്കാനായി കണ്ണൂർ ജില്ലയിലെ മുല്ലക്കൊടി യു.പി. സകൂളിലെ കുട്ടികൾ ആരംഭിച്ച ദൗത്യം വിജയത്തിലേക്ക്. നാളെ സ്കൂളിൽ നടക്കുന്ന ചടങ്ങിൽ ശേഖരിച്ച ടിക്കറ്റുകൾ, വീണ്ടും കടലാസ് നിർമ്മിക്കുന്നതിനായി അവർ കൈമാറും.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയാറാക്കിയ റിപ്പോർട്ട്....**

(വോയ്സ്)

***********************************

## മാസ്റ്റേഴ്സ് ക്രിക്കറ്റ്

അന്താരാഷ്ട്ര മാസ്റ്റേഴ്സ് ലീഗ് T20 പരമ്പരയിലെ കലാശപ്പോരാട്ടം ഇന്ന്. റായ്പൂരിൽ നടക്കുന്ന ഫൈനൽ പോരാട്ടത്തിൽ സച്ചിൻ ടെണ്ടുൽക്കർ നയിക്കുന്ന ഇന്ത്യ മാസ്റ്റേഴ്സ് ബ്രയാൻ ലാറയുടെ വെസ്റ്റ് ഇൻഡീസ് മാസ്റ്റേഴ്സുമായി ഏറ്റുമുട്ടും. മത്സരം രാത്രി 07:30 ന് ആരംഭിക്കും. ഓസ്ട്രേലിയൻ മാസ്റ്റേഴ്സിനെ 94 റൺസിന് കീഴടക്കിയാണ് ഇന്ത്യ മാസ്റ്റേഴ്സ് ഫൈനലിൽ കടന്നത്

************************************

## സിയാൽ പുനരധിവാസം

കൊച്ചി വിമാനത്താവളത്തിനായി സ്ഥലമേറ്റെടുത്തപ്പോൾ വീടും പുരയിടവും നഷ്ടപ്പെട്ടവർക്കായി രൂപവത്ക്കരിച്ച രണ്ടാംഘട്ട പുനരധിവാസ പദ്ധതിയ്ക്ക് ഡയറക്ടർ ബോർഡ് അംഗീകാരം നൽകി. നേരത്തെയുള്ള പാക്കേജിൽ മതിയായ സംരക്ഷണം ലഭിക്കാത്തവർക്കാണ് രണ്ടാംഘട്ട പാക്കേജ്. മന്ത്രി പി. രാജീവിന്റെ നേതൃത്വത്തിലാണ് രണ്ടാംഘട്ട പാക്കേജിന് രൂപം നൽകിയത്.

RNU TVPM

************************************

## കാലാവസ്ഥ

സംസ്ഥാനത്ത് ചൂട് ഉയരുന്ന സാഹചര്യത്തിൽ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കൊല്ലം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലാണ് ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശം. അതേസമയം വയനാട് ഒഴികെയുള്ള ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ വരും മണിക്കൂറിൽ നേരിയ, ഇടത്തരം മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

************************************

## മഞ്ചേരി - സ്വർണ കവർന്നു

മലപ്പുറം മഞ്ചേരി കാട്ടുങ്ങലിൽ 117 പവനോളം സ്വർണ്ണം കവർന്ന കേസിൽ രണ്ട് പേരെ മഞ്ചേരി പൊലീസ് അറസ്റ്റ് ചെയ്തു. മൂന്നാമതൊരാൾ കസ്റ്റഡിയിലാണ്. സിവേഷ് എന്നയാളാണ് കേസിലെ മുഖ്യപ്രതി. ജോലി ചെയ്യുന്ന സ്ഥാപനത്തിലെ സ്വർണമാണ് സിവേഷ് മറ്റ് രണ്ട് പേരുടെ സഹായത്തോടെ തട്ടിയെടുക്കാൻ ശ്രമിച്ചത്. കേസിൽ കൂടുതൽ പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടോ എന്നും അന്വേഷണം നടത്തുന്നതായി പൊലീസ് പറഞ്ഞു.

******************************************************

************************************

**********************

RNU TVPM